**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3626** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഇ-സ്റ്റാമ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുദ്രപ്പത്രങ്ങൾ ഓൺലൈനായി മാത്രം ലഭ്യമാക്കുന്ന രീതി (ഇ-സ്റ്റാമ്പ്) നിലവിൽ വന്ന ശേഷം സെർവറിലും നെറ്റ് കണക്ഷനിലുമുള്ള തകരാറുകൾ കാരണം ആവശ്യക്കാർക്ക് യഥാസമയം മുദ്രപ്പത്രങ്ങൾ ലഭിക്കുന്നില്ലെന്ന പരാതികൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | നിലവിൽ സംസ്ഥാനത്ത് രണ്ട് തരത്തിലാണ് ഇ-സ്റ്റാമ്പിംഗ് പോർട്ടൽ വഴി ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്യുന്നത്. 1. ആധാരങ്ങളുടെ രജിസ്ട്രേഷൻ ആവശ്യങ്ങൾക്കും (Registration purpose) 2. രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്കും (Non Registration purpose).<br><br>നിലവിൽ ആധാരത്തിന്റെ രജിസ്ട്രേഷന് ആവശ്യമായ എല്ലാ ഡിനോമിനേഷനുകളിലുള്ള മുദ്രപത്രങ്ങളും രജിസ്ട്രേഷൻ വകുപ്പിന്റെ PEARL സോഫ്റ്റ്‌വെയർ മുഖേന ഇ-സ്റ്റാമ്പിംഗ് പോർട്ടൽ വഴിയാണ് ലഭ്യമാക്കുന്നത്. വകുപ്പിന്റെ PEARL സോഫ്റ്റ്‌വെയർ മുഖേനയുള്ള ഇ-സ്റ്റാമ്പ് ലഭ്യതയ്ക്ക് യാതൊരു തടസ്സവും റിപ്പോർട്ട് ചെയ്തിട്ടില്ല.<br><br>ഇ-സ്റ്റാമ്പ് പോർട്ടലിൽ നിന്നും മുദ്രപ്പത്രം ജനറേറ്റ് ചെയ്തെടുക്കുമ്പോൾ ട്രഷറി വകുപ്പിന്റെ സർവ്വറിന്റെ വേഗതക്കുറവ് കാരണം കാലതാമസവും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതുമായുള്ള പരാതികൾ തുടർച്ചയായി ഉയർന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിക്കുന്നതിനായി NIC യിലെ മുതിർന്ന ഉദ്യോഗസ്ഥരും ട്രഷറി ഉദ്യോഗസ്ഥരുമായി ചേർന്ന് വെണ്ടർ ഓഫീസുകളിൽ നേരിട്ടെത്തി അവർ പിൻതുടരുന്ന നടപടിക്രമങ്ങൾ പരിശോധിച്ച് മാറ്റങ്ങൾ വിശദീകരിക്കുകയും മതിയായ നെറ്റ്‌വർക്ക് കണക്ഷൻ ലഭ്യമായ കമ്പ്യൂട്ടർ ഉപയോഗിച്ച് വെണ്ടർ ലോഗിനിൽ നിന്നും 30 സെക്കന്റുകൾക്കുള്ളിൽ തന്നെ ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്തെടുത്ത് കാലതാമസം അനുഭവപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തിയിട്ടുള്ളതുമാണ് .<br><br>വിവിധ മൊബൈൽ സേവനദാതാക്കൾ വഴി SMS ലഭ്യമാക്കുന്ന സേവനങ്ങളിൽ വരുന്ന താമസവും ഇ- |

| | | | |
|---|---|---|---|
| | | | സ്റ്റാമ്പ് ഡൗൺലോഡ് ചെയ്യുന്നതിൽ കാലതാമസം സൃഷ്ടിക്കുന്നതായി തുടർച്ചയായ പരാതികൾ ഉയർന്ന സാഹചര്യത്തിൽ, മുദ്രപ്പത്രങ്ങൾ പ്രിന്റ് എടുക്കുന്നതിന് മുൻപായി ആദ്യകക്ഷി സമർപ്പിച്ചിരിക്കുന്ന മൊബൈൽ നമ്പരിലേക്ക് Mobile OTP വഴി നൽകിയിരുന്ന സ്ഥിരീകരണം താൽക്കാലികമായി ഒഴിവാക്കി നൽകുകയും പകരം ഇ-സ്റ്റാമ്പ് പോർട്ടലിൽ നിന്ന് തന്നെ ലഭ്യമാക്കുന്ന പാസ്സ്‌വേർഡ് ഉപയോഗിച്ച് മുദ്രപ്പത്രത്തിന്റെ പ്രിന്റ് ലഭ്യമാക്കി തുടങ്ങുകയും ചെയ്തതിലൂടെ ഇക്കാര്യത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നിലവിൽ സാധിച്ചിട്ടുണ്ട്.<br><br>ഇ-സ്റ്റാമ്പ് ലഭിക്കുന്നതിനുള്ള തുക സർക്കാരിലേക്ക് ഓൺലൈൻ ആയി തന്നെ അടവാക്കേണ്ടതുള്ളതിനാൽ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക കൈമാറ്റം ചെയ്യപ്പെടുന്നതിനായി ബാങ്കുകൾ ലഭ്യമാക്കുന്ന വിവിധ പെയ്മെന്റ് ഗേറ്റ് വേ-കളിൽ വരുന്ന തകരാറുകളും ഇ-സ്റ്റാമ്പ് വിതരണത്തെ ചിലപ്പോഴൊക്കെ ബാധിക്കുന്നതായും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കൂടാതെ ഇ-സ്റ്റാമ്പ് ആപ്ലിക്കേഷൻ വഴി ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്യുന്നതിനായി വെണ്ടർമാർ ഉപയോഗിക്കുന്ന വിവിധ നെറ്റ് വർക്കുകളുടെ വേഗതക്കുറവും സേവനത്തെ പ്രതികൂലമായി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുള്ളതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ വെണ്ടർമാർക്കും നൽകിയിട്ടുമുണ്ട്. എന്നാൽ 2021 മെയ് മാസത്തിൽ സ്ഥാപിച്ച പുതിയ ട്രഷറി സർവ്വറിന് ഒരു തരത്തിലുള്ള പ്രശ്നങ്ങളും ഇതുവരെയും ഉണ്ടായിട്ടില്ലാത്തതുമാണ്.<br><br>നിലവിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ സാങ്കേതിക പ്രശ്നങ്ങളും സമയബന്ധിതമായി പരിഹരിച്ച് ഇ-സ്റ്റാമ്പ് പോർട്ടൽ ഉപയോഗിച്ച് അംഗീകൃത സ്റ്റാമ്പ് വെണ്ടർമാർ മുഖേന പൊതുജനങ്ങൾക്ക് രജിസ്ട്രേഷൻ ഇതര മുദ്രപ്പത്രങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് വേണ്ട എല്ലാവിധ നടപടികളും ട്രഷറി വകുപ്പിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | നിലവിൽ പുതിയ വെണ്ടർ ലൈസൻസുകൾ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; മുദ്രപ്പത്രങ്ങൾ യഥേഷ്ടം വാങ്ങുന്നതിനാവശ്യമായ വെണ്ടർമാർ ഓരോ സബ് രജിസ്ട്രാർ പരിധിയിലും നിലവിലുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് പുതിയ വെണ്ടർ ലൈസൻസുകൾ നിലവിൽ അനുവദിച്ച് നൽകുന്നില്ല. സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് നടപ്പിലാക്കുന്ന സാഹചര്യത്തിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കേണ്ടതില്ലെന്നും താത്കാലിക വെണ്ടർ ലൈസൻസ് സ്ഥിരപ്പെടുത്തി നൽകേണ്ടതില്ലെന്നും പുതിയ വെണ്ടർ തസ്തിക സൃഷ്ടിക്കേണ്ടതില്ലെന്നും |

| | | | |
|---|---|---|---|
| | | | 16/01/2016 -ലെ കത്ത് നമ്പർ 752/ഇ3/2015/നി.വ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.<br><br>പൊതുജനങ്ങൾക്ക് മുദ്രപ്പത്രങ്ങൾ യഥേഷ്ടം ലഭ്യമാക്കുന്നതിനാവശ്യമായ എണ്ണം വെണ്ടർമാർ കേരളത്തിൽ നിലവിലുണ്ട്. |
| (സി) | ആധാർ അധിഷ്ഠിത ഒ.ടി.പി. വെരിഫിക്കേഷൻ മുഖാന്തിരം നിരവധി സേവനങ്ങൾ അനുവദിച്ചുവരുന്ന കാലഘട്ടത്തിൽ പൊതുജനങ്ങൾക്ക് ഓൺലൈൻ പേയ്മെന്റിലൂടെ ഇ-മുദ്രപ്പത്രങ്ങൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്ന സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ; നിലവിൽ നേരിടുന്ന മുദ്രപ്പത്ര ക്ഷാമം മറി കടക്കാൻ ഇത്തരമൊരു സംവിധാനം ഏർപ്പെടുത്താമോ? | (സി) | 1960 -ലെ കേരളാ മുദ്രപ്പത്ര നിർമ്മാണവും വിൽപ്പനയും ചട്ടം 35(1) പ്രകാരം ജില്ലാ കളക്ടർ, ജില്ലാ രജിസ്ട്രാർ ജനറൽ, ജില്ലാ ട്രഷറി ഓഫീസർ എന്നിവർ അംഗങ്ങളായ ജില്ലാ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമിക്കുന്ന വെണ്ടർമാർക്കും എക്സ്-ഒഫിഷ്യോ വെണ്ടർമാർക്കുമാണ് സംസ്ഥാനത്ത് ഭൗതിക മുദ്രപ്പത്രങ്ങൾ വിൽപ്പന നടത്തുവാൻ അനുവാദമുള്ളത്. പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാൽ ഇ-സ്റ്റാമ്പുകളുടെ വിൽപ്പനയും ഇത്തരം സ്റ്റാമ്പ് വെണ്ടർമാർ മുഖേനയാണ് നടത്തി വരുന്നത്.<br><br>ഒരു ലക്ഷം രൂപവരെ മുഖവിലയുള്ള നോൺ ജുഡീഷ്യൽ ഇ - സ്റ്റാമ്പ് 01/04/2023 മുതൽ കേരളത്തിലുള്ള അംഗീകൃത സ്റ്റാമ്പ് വെണ്ടർമാർ മുഖേന വിൽപ്പന നടത്തണമെന്ന് 09/02/2023 തീയതിയിലെ GO(Ms)No.10/2023/Taxes പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.<br><br>പൊതുജനങ്ങൾക്ക് ഓൺലൈൻ പേയ്മെന്റിലൂടെ ഇ-മുദ്രപ്പത്രങ്ങൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്ന സൗകര്യം ഏർപ്പെടുത്തുന്നതിന് സർക്കാർ നിലവിൽ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ